# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7113** **16/07/2012 ൽ മറുപടിക്ക്**

## ആർ.എം.എസ്.എ. പദ്ധതിയുടെ ഫണ്ട് മോണിട്ടറിംഗ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി ശശി: | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | ആർ.എം.എസ്.എ. പദ്ധതിയുടെ ഏകോപനത്തിനും ഫണ്ട് മോണിട്ടറിംഗിനുമായി നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വ്യക്തമാക്കാമോ; ജില്ലാതല ഓഫീസ് സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്നു മുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; | എ) | സ്കൂൾ തലത്തിൽ സ്കൂൾ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് കമ്മിറ്റിയാണ് മോണിറ്ററിംഗ് ചെയ്യുന്നത്. സ്റ്റേറ്റ് ഓഫീസിൽ ഇത് വിലയിരുത്തുന്നുണ്ട്. ജില്ലാ ഓഫീസ് സംവിധാനം ആരംഭിച്ചിട്ടില്ല. ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ് |
| ബി) | ആർ.എം.എസ്.എ. ഫണ്ട് ചെലവഴിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | ബി) | ഉണ്ട്. അനുബന്ധമായി ചേർക്കുന്നു |
| സി) | ഈ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ എത്ര സ്കൂളുകൾക്കാണ് സാമ്പത്തിക സഹായം അനുവദിച്ചിട്ടുള്ളത്; ഈ വർഷം ജില്ലയിൽ നടപ്പാക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പരിപാടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ? | സി) | തിരുവനന്തപുരം ജില്ലയിൽ 121 സ്കൂളുകൾക്കാണ് സാമ്പത്തിക സഹായം നൽകിയത്. ഈ വർഷത്തെ പരിപാടികളുടെ നടത്തിപ്പിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അന്തിമ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

നം. എ2-8/2012/ആർ.എം.എസ്.എ

സ്റ്റേറ്റ് പ്രോജക്റ്റ് ഓഫീസ്
ആർ.എം.എസ്.എ.
തിരുവനന്തപുരം
തീയതി.

## സർക്കുലർ

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ സെക്കന്ററി സ്കൂളുകൾക്ക് അവർ നിർദ്ദേശിച്ച സ്കൂൾ മാനേജുമെന്റ് ഡെവലപ്മെന്റ് കമ്മറ്റിയുടെ ബാങ്ക് അക്കൗണ്ടിൽ 75,000 രൂപ വീതം നിക്ഷേപിച്ചിട്ടുണ്ട്. ഇതിൽ 25,000 രൂപ മൈനർ റിപ്പയറിനായും, 25,000 രൂപ ലാബ് ഉപകരണങ്ങൾ മുതലായവ വാങ്ങുന്നതിനും അറ്റകുറ്റ പണികൾക്കായും, 10,000 രൂപ പുസ്തകങ്ങൾ, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ വാങ്ങുന്നതിനും, 15,000 രൂപ വെള്ളം, വൈദ്യുതി ചാർജ്ജ്, ടെലഫോൺ ചാർജ്ജ് എന്നിവ അടയ്ക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. 50,000 രൂപ ലഭിച്ച സ്കൂളുകൾക്ക് മൈനർ റിപ്പയറിംഗിനുള്ള തുക ഇതിൽ ഉണ്ടാകുന്നതല്ല.

### തുക ചെലവാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

1. വിവിധ ഏജൻസികൾ സ്കൂളുകളിൽ വികസന പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തുന്നുണ്ട്. അതിൽ പ്രധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. കൂടാതെ അദ്ധ്യാപക, രക്ഷകർതൃ സമിതികളും തുക വിനിയോഗിക്കുന്നുണ്ട്. ഒരേ കാര്യത്തിന് ഒന്നിലധികം ഏജൻസികൾ തുക വിനിയോഗിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.
2. മൈനർ റിപ്പയർ വർക്കിനുള്ള ഫണ്ട് ഉപയോഗിച്ച് ചെയ്യാവുന്ന വർക്കുകളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ (IX-X ക്ലാസ്സുകളിൽ)
   a. ഓടിട്ട സ്കൂൾ കെട്ടിടത്തിന്റെ ഓട്, കഴുക്കോൽ, ഉത്തരം, പട്ടിക എന്നിവ മാറ്റാവുന്നതാണ്.
   b. പൊട്ടിപ്പൊളിഞ്ഞ തറയിലെയും ഭിത്തികളിലെയും അറ്റകുറ്റപ്പണികൾ
   c. ജനൽ, വാതിൽ എന്നിവയുടെ റിപ്പയർ വർക്ക്
   d. പെയിന്റിംഗ് വർക്കുകൾ
   e. ഫർണിച്ചർ, ബ്ലാക്ക് ബോർഡ് റിപ്പയർ തുടങ്ങിയവ
   f. ടോയ്‌ലറ്റിന്റെ അറ്റകുറ്റപണികൾ
   g. ഇലക്ട്രിക്കൽ ഫിറ്റിംഗ്സ്
   h. സാനിറ്ററി ഫിറ്റിംഗ്സ്

State Project Office, RMSA, Kerala

എന്നിങ്ങനെയുള്ള പണികൾ ചെയ്യാവുന്നതാണ്.

3 ലാബ് ഉപകരണങ്ങൾക്കായി അനുവദിച്ച 25,000 രൂപ

a. ലാബ് ഉപകരണങ്ങൾ മാറ്റി വാങ്ങുന്നതിനോ റിപ്പയറിനോ ഉപയോഗിക്കാം

b. ലാബിനാവശ്യമായ കെമിക്കലുകളും മറ്റും വാങ്ങുന്നതിനും ഉപയോഗിക്കാവുന്നതാണ്.

c. ലാബിലേക്കാവശ്യമായ അലമാരകൾ, ഷെൽഫുകൾ എന്നിവ വാങ്ങുന്നതിന് ഉപയോഗിക്കാവുന്നതാണ്.

പ്രസ്തുത തുക വിനിയോഗിക്കുമ്പോൾ അദ്ധ്യാപകരുമായി ചർച്ച ചെയ്തശേഷം പാഠ്യപദ്ധതിക്കനുയോജ്യമായ വിധത്തിലുള്ള ഉപകരണങ്ങളും മറ്റും വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4 കുടിവെള്ളം, വൈദ്യുതി തുടങ്ങിയവയ്ക്കുള്ള 15,000 രൂപ

(a) വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, ടെലഫോൺ ചാർജ്ജ് എന്നിവ അടയ്ക്കാൻ ഉപയോഗിക്കാ വുന്നതാണ്.

(b) ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന് അലമാരകൾ, ഷെൽഫുകൾ എന്നിവ വാങ്ങുന്നതിന് ഉപയോഗിക്കാവുന്നതാണ്.

(c) സ്പോർട്സ്, സംഗീതോപകരണങ്ങൾ വാങ്ങുന്നതിന് ഉപയോഗിക്കാവുന്നതാണ്

5. പുസ്തകങ്ങൾ, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയ്ക്കായി നീക്കിവച്ച 10,000 രൂപയ്ക്ക് പ്രസിദ്ധീകരണങ്ങൾ വാങ്ങുമ്പോൾ, പാഠ്യപദ്ധതിക്കനുയോജ്യമായ വിധത്തിലുള്ള റഫറൻസ് പുസ്തകങ്ങളും മറ്റു പുസ്തകങ്ങളും അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്തുവേണം വാങ്ങാൻ.

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയിൽ കൂടി നടക്കുന്ന ഏതൊരു പ്രവർത്തനവും സ്കൂൾ മാനേജുമെന്റ് ഡെവലപ്മെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെ ആയിരിക്കണം. പദ്ധതിയുടെ മോണിറ്ററിംഗും സാമ്പത്തിക വിനിയോഗവും ശരിയായി നടന്നു എന്നുറപ്പാക്കേണ്ടതും സ്കൂൾ മാനേജ്മെന്റ് ഡെവലപ്മെന്റ് കമ്മറ്റികളായിരിക്കണം. ചിലവുകളുടെ കണക്കുകളും രേഖകളും കൃത്യതയോടെ സൂക്ഷിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

12.6.12

12/6/12

സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ
രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ

State Project Office, RMSA, Kerala, Vazhuthacaud, TVPM-14



സെക്ഷൻ ഓഫീസർ